പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 386 07/01/2014- ൽ മറുപടിക്ക്

# കാപ്റ്റീവ് ജനറേഷൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജയിംസ് മാത്യു | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഇലക്ട്രിസിറ്റി ബോർഡ് കാപ്റ്റീവ് ജനറേഷനുവേണ്ടി സ്വകാര്യ) സ്ഥാപനങ്ങൾക്ക് നൽകിയിരുന്ന പദ്ധതികൾ എന്തൊക്കെയായിരുന്നു; കാപ്റ്റീവ് ജനറേഷന് വേണ്ടി ഏതെല്ലാം കമ്പനികളുമായി ഏതെല്ലാം തീയതികളിൽ എഗ്രിമെന്റ് വെയ്ക്കുകയുണ്ടായി;<br>(ബി) എഗ്രിമെന്റ് വച്ച ഏതെല്ലാം പദ്ധതികളിൽ വൈദ്യുതി ഉൽപാദനം ആരംഭിച്ചിട്ടുണ്ട്; | (എ) യും (ബി) യും<br>**അനുബന്ധമായി ചേർത്തിരിക്കുന്നു.** |
| (സി) മുടങ്ങിപ്പോയ പദ്ധതികൾ ഏതൊക്കെയാണ്; എഗ്രിമെന്റ് റദ്ദാക്കി അവ ബോർഡ് കൈവശപ്പെടുത്തിയിട്ടുണ്ടോ; | (സി) ഭൂതത്താൻകെട്ട് ചെറുകിട ജല വൈദ്യുത പദ്ധതി മുടങ്ങിപ്പോയ തിനാൽ ഈ പദ്ധതിയുടെ കരാർ 08.09.2010 ൽ റദ്ദാക്കി ബോർഡ് ഏറ്റെടുത്തു. |
| (ഡി) കാപ്റ്റീവ് ജനറേഷൻ എഗ്രിമെന്റ് റദ്ദാക്കി ബോർഡ് തിരിച്ച് പിടിച്ച സ്ഥലത്ത് സ്വന്തം നിലയിൽ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (ഡി) ഉണ്ട്.<br>ഭൂതത്താൻകെട്ട് ചെറുകിട ജല വൈദ്യുത പദ്ധതിയുടെ സിവിൽ ജോലികളുടെനിർമ്മാണപ്രവർത്തനങ്ങൾക്കുള്ള ഇ-ടെണ്ടർ 23.11.2013 ൽ ക്ഷണിച്ചിട്ടുണ്ട്. ഇതിന്റെ പ്രീക്വാളിഫിക്കേഷൻ ബിഡ് 03.01.2014 ലും പ്രൈസ് ബിഡ് 17.01.2014 ലുമാണ് തുറക്കുന്നത്. |

(...2)

(ഇ) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; ആവശ്യമായ അനുമതികളെല്ലാം ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

(ഇ) ഇല്ല.

നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ അനുമതികൾ ലഭ്യമായിട്ടുണ്ട്. വനം വകുപ്പ് 1.96 ഹെക്ടർ വനഭൂമി വനേതര പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാൻ കൈമാറിയിട്ടുണ്ട്. പാട്ട കരാർ പുതുക്കുന്നതിനുള്ള അപേക്ഷ ഇപ്പോൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

ഇലക്ട്രിസിറ്റി ബോർഡ് കാപ്റ്റീവ് ജനറേഷന വേണ്ടി സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകിയിരുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

| ക്രമ നമ്പർ | പദ്ധതി | എഗ്രിമെന്റ് തീയതി |
|---|---|---|
| 1 | മണിയാർ ചെറുകിട ജല വൈദ്യുത പദ്ധതി ( 12 മെഗാവാട്ട്) M/s കർബറണ്ടം യൂണിവേഴ്സൽ ലിമിറ്റഡ് | 18/05/91 |
| 2 | കുത്തുങ്കൽ ചെറുകിട ജല വൈദ്യുത പദ്ധതി ( 21 മെഗാവാട്ട്) M/s Indsil Elecro Smells Ltd | 30/12/94 |
| 3 | ഭൂതത്താൻ കെട്ട് ചെറുകിട ജല വൈദ്യുത പദ്ധതി ( 16 മെഗാവാട്ട്) M/s Silkal | 30/12/1994 |
| 4 | ഉള്ളുങ്കൽ ചെറുകിട ജല വൈദ്യുത പദ്ധതി ( 7 MW) M/s TECIL ( 22/05/2006 ലെ സർക്കാർഉത്തരവ് അനുസരിച്ച് ഉള്ളുങ്കൽ, കാരിക്കയം പദ്ധതികൾ ഇൻഡിപെന്റന്റ് പവർ പ്രൊഡ്യൂസർ (IPP) വിഭാഗത്തിലേയ്ക്ക് മാറ്റി M/s EDCL Power Project Ltd -നാണ് ഈ പദ്ധതി കൈമാറ്റം ചെയ്തത്. | |
| 5 | കാരിക്കയം ചെറുകിട ജല വൈദ്യുത പദ്ധതി (15 MW) ( 22/05/2006 ലെ സർക്കാർ ഉത്തരവ് അനുസരിച്ച് ഉള്ളുങ്കൽ, കാരിക്കയം പദ്ധതികൾ ഇൻഡിപെന്റന്റ് പവർ പ്രൊഡ്യൂസർ (IPP) വിഭാഗത്തിലേയ്ക്ക് മാറ്റി M/s Ayyappa Hydr Power Ltd -നാണ് ഈ പദ്ധതി കൈമാറിയത്. | |

വൈദ്യുതി ഉൽപ്പാദനം ആരംഭിച്ച പദ്ധതികൾ താഴെപ്പറയുന്നവയാണ്.

| ക്രമ നമ്പർ | പദ്ധതി | |
|---|---|---|
| 1 | മണിയാർ ചെറുകിട ജല വൈദ്യുത പദ്ധതി | 12 മെഗാവാട്ട് |
| 2 | കുത്തുങ്കൽ ചെറുകിട ജല വൈദ്യുത പദ്ധതി | 21 മെഗാവാട്ട് |
| 3 | ഉള്ളുങ്കൽ ചെറുകിട ജല വൈദ്യുത പദ്ധതി | 7 മെഗാവാട്ട് |
| 4 | കാരിക്കയം ചെറുകിട ജല വൈദ്യുത പദ്ധതി | 15 മെഗാവാട്ട് (ഇപ്പോൾ 10.5 മെഗാവാട്ട്) |

സെക്ഷൻ ഓഫീസർ